പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4493 13/11/2019 ൽ മറുപടിക്ക്

## കോഴിഗ്രാമം പദ്ധതി

ചോദ്യം

ശ്രീ.പി.സി. ജോർജ്

മറുപടി

അഡ്വ .കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | കോഴിഗ്രാമം പദ്ധതി എന്താണെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് സർക്കാരിന്റെ ഏത് ഏജൻസി മുഖേനയാണെന്ന് വ്യക്തമാക്കാമോ; | എ) | കോഴിഗ്രാമം പദ്ധതി പ്രകാരം തെരെഞ്ഞെടുക്കുന്ന പഞ്ചായത്തുകളിലെ 500 വനിതാ ഗുണഭോക്താക്കൾക്ക് 8 കോഴി, 5 കിലോ തീറ്റ, മരുന്ന് എന്നിവ സൗജന്യമായി വിതരണം ചെയ്യുന്നു. 2016 മുതൽ നാളിതുവരെ 17456 വനിതാ ഗുണഭോക്താക്കൾക്ക് ഇവയുടെ ആനുകൂല്യം ലഭ്യമായിട്ടുണ്ട്. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. |
| ബി) | കന്നുകാലികൾക്ക് സമഗ്ര ഇൻഷുറൻസ് ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | ബി) | • കേരളത്തിലെ കന്നുകാലികൾക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുവാനായി 2017-18 സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിന്റെ ധന സഹായത്തോടെ എൻ.എൽ.എം എന്ന പദ്ധതിയും സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഗോസമൃദ്ധി 2017-18 എന്ന പദ്ധതിയും സംസ്ഥാനത്ത് നടപ്പിലാക്കി. ടി പദ്ധതികളുടെ നിർവ്വഹണം പൂർത്തീകരിച്ചു. ടി പദ്ധതികളിൽ ഉരുവിന്റെ പ്രീമിയം നിരക്ക് 1 വർഷത്തേക്ക് ഉരുവിന്റെ മതിപ്പുവിലയുടെ 3% ആയിരുന്നു.<br><br>• 2018 -19 സാമ്പത്തിക വർഷം ഉരുവിനും, ഉരുവിന്റെ ഉടമയായ കർഷകനും ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതികൾ നിലവിൽ വന്നു. കേരള സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതിയായ ഗോസമൃദ്ധി പ്ലസ് 2018 -19, കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ നടപ്പിലാക്കിയ പദ്ധതിയായ എൻ.എൽ.എം പ്ലസ് 2017 -18 എന്നിവയാണ് പ്രസ്തുത പദ്ധതികൾ.<br>• 2018-19 ലെ പദ്ധതികൾ പ്രകാരം ഉരുക്കളുടെ മരണം / ഉത്പാദന പ്രത്യുത്പാദന ക്ഷമതാനഷ്ടം എന്നിവ സംഭവിച്ചാൽ ഇൻഷ്വർ ചെയ്യുന്ന മതിപ്പുവില ക്ലെയിമായി കർഷകന് ലഭിക്കുന്നു. പദ്ധതിയിൽ അംഗമായ കർഷകന് അപകടമരണമോ, പൂർണ്ണമോ/ ഭാഗികമോ ആയ അംഗവൈകല്യമോ സംഭവിച്ചാൽ പരമാവധി 2 ലക്ഷം രൂപ വരെ ക്ലെയിം നൽകുന്നു.<br>• ഒരു വർഷത്തേക്ക് ഉരുവിന്റെ മതിപ്പുവിലയുടെ 2.8% ഉം. |

മൂന്ന് വർഷത്തേക്ക് 6.54 %ഉം ആയിരുന്നു പ്രീമിയം നിരക്ക്. ജനറൽ വിഭാഗത്തിലുള്ള കർഷകർക്ക് പ്രീമിയം തുകയുടെ 50 % വും എസ്.സി / എസ്.ടി വിഭാഗത്തിലുള്ള കർഷകർക്ക് പ്രീമിയം തുകയുടെ 70 % വും സർക്കാർ സബ്സിഡിയായി നൽകുന്നു. ₹ 50,000 രൂപ വരെ മതിപ്പുവിലയുള്ള ഉരുക്കളുടെ പ്രീമിയത്തിന് സർക്കാർ സബ്സിഡി നൽകുന്നതാണ്. ₹ 50,000 രൂപയ്ക്ക് മുകളിൽ മതിപ്പുവിലക്ക് ഉരുക്കളെ ഇൻഷ്വർ ചെയ്യേണ്ടവർക്ക് അഡീഷണൽ പോളിസി എടുക്കുവാനുള്ള സൗകര്യവും ഏർപ്പെടുത്തിയിരുന്നു. 1 വർഷത്തേക്ക് 4 % വും 3 വർഷത്തേക്ക് 9 % വുമായിരുന്നു ഇതിനുള്ള പ്രീമിയം നിരക്ക്. ആയത് പൂർണ്ണമായും ഗുണഭോക്തൃ വിഹിതമായിരുന്നു.

- 2019 -20 സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിന്റെയും, സംസ്ഥാന സർക്കാരിന്റെയും ധനസഹായത്തോടെ 'ഗോസമൃദ്ധി-എൻ.എൽ.എം-2019-20' എന്ന പേരിലുള്ള പുതിയ പദ്ധതി നിർവ്വഹണം തുടങ്ങുന്നു.
- സബ്സിഡി നിരക്കിൽ ഇൻഷ്വർ ചെയ്യുവാനുള്ള പരമാവധി മതിപ്പുവില ₹65,000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഒരു വർഷത്തേക്ക് ഉരുവിന്റെ മതിപ്പു വിലയുടെ 2.15 % വും, മൂന്ന് വർഷത്തേക്ക് 5.419 % വും ആണ് പ്രീമിയം നിരക്ക്. ഇതിൽ ജനറൽ വിഭാഗത്തിലുള്ള കർഷകർക്ക് പ്രീമിയം തുകയുടെ 50% വും എസ്.സി / എസ്.ടി വിഭാഗത്തിലുള്ള കർഷകർക്ക് പ്രീമിയം തുകയുടെ 70% വും സർക്കാർ സബ്സിഡിയായി നൽകുന്നു. ₹ 65 ,000 രൂപ വരെ മതിപ്പുവിലയുള്ള ഉരുക്കളുടെ പ്രീമിയത്തിന് സർക്കാർ സബ്സിഡി നൽകുന്നതാണ്. 1 ലക്ഷം രൂപ വരെ മതിപ്പു വിലയുള്ള ഉരുവിനെ ഇതേ പ്രീമിയം നിരക്കിൽ ഇൻഷ്വർ ചെയ്യാമെന്നുള്ളത് ഈ പദ്ധതിയുടെ നേട്ടമാണ്. ₹ 65,000 രൂപക്ക് മുകളിലുള്ള ഉരുവിന്റെ പ്രീമിയം പൂർണ്ണമായും ഗുണഭോക്താവ് വഹിക്കേണ്ടതാണ്.
- ഈ പദ്ധതികൾ പ്രകാരം ഇൻഷ്വർ ചെയ്യുന്ന ഉരുവിന് മരണം / ഉത്പാദന പ്രത്യുത്പാദന ക്ഷമതാനഷ്ടം എന്നിവ സംഭവിച്ചാൽ കർഷകന് ക്ലെയിം ലഭിക്കുന്നു. പദ്ധതിയിൽ അംഗമായ കർഷകന് അപകടമരണമോ, പൂർണ്ണമോ/ ഭാഗികമോ ആയ അംഗവൈകല്യമോ സംഭവിച്ചാൽ പരമാവധി 2 ലക്ഷം രൂപ വരെ ക്ലെയിം ആയി നൽകുന്നു.
- 2017-18 സാമ്പത്തിക വർഷം മുതൽ ആരംഭിച്ച പദ്ധതി തികച്ചും സുതാര്യമായി വകുപ്പിന്റെ ഓൺലൈൻ പോർട്ടൽ വഴി നടപ്പിലാക്കുന്നു. ഇത് മൂലം പദ്ധതിയുടെ പ്രീമിയം ഗണ്യമായി കുറയുകയും കർഷകരുടെ ഇടയിൽ സ്വീകാര്യത വളരെയേറെ കൂടുകയും ചെയ്തിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം ആരംഭിക്കുന്ന പദ്ധതിയുടെ നിർവ്വഹണം, ക്ലെയിം ലഭ്യമാക്കൽ എന്നിവ പൂർണ്ണമായും വകുപ്പിന്റെ പോർട്ടലിലൂടെ ഓൺലൈനായി നടത്തപ്പെടും.

| | | | |
|---|---|---|---|
| സി) | കന്നുകാലികൾക്ക് ഹെൽത്ത് കാർഡ് നടപ്പിലാക്കുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | സി) | കേന്ദ്ര പദ്ധതിയായ "പശുസഞ്ജീവനി" പദ്ധതിയിൻ കീഴിൽ (60% കേന്ദ്ര വിഹിതം:40% സംസ്ഥാന വിഹിതം) 6.99 ലക്ഷം അനിമൽ ഹെൽത്ത് കാർഡുകൾ ( ഓരോ ജനുസ്സിനും പ്രത്യേകം നിറത്തിൽ) പ്രിന്റ് ചെയ്ത് എല്ലാ ജില്ലയിലേയും ജില്ല മൃഗസംരക്ഷണ ഓഫീസുകളിൽ കെ.എൽ.ഡി. ബോർഡ് മുഖാന്തിരം നൽകിയിരുന്നു. പ്രസ്തുത കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. ടി കാർഡിൽ പശുക്കളുടെ പ്രജനന സംബന്ധവും, ആരോഗ്യ സംബന്ധവുമായ വിശദവിവരങ്ങൾ രേഖപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ